IT STARRED ON 21-01-2014

പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

★നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 121 — 21/01/2014- ൽ മറുപടിക്ക്

## കന്നുകാലി സംരക്ഷണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. വി. ചെന്താമരാക്ഷൻ:<br>ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ:<br>പ്രൊഫ. സി. രവീന്ദ്രനാഥ്:<br>ശ്രീ. ജെയിംസ് മാത്യു: | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ).സംസ്ഥാനത്ത് കന്നുകാലി സംരക്ഷണത്തിന് എന്തെല്ലാം പരിപാടികളാണ് ആവിഷ്ക്കരിച്ച് നടപ്പാക്കുന്നത്; | എ)സൗജന്യ ചികിത്സ, മരുന്നുകൾ, സബ്സിഡിയോടെ ഇൻഷ്വറൻസ് പരിരക്ഷ, 13 ജില്ലകളിൽ ആംബുലൻസ് സർവ്വീസ്, സൗജന്യ നിരക്കിൽ കാലിത്തീറ്റ, വിവിധ രോഗങ്ങൾക്കെതിരെയുള്ള പ്രതിരോധകുത്തി വെയ്പ്പുകൾ, വീട്ടുപടിക്കൽ ചികിത്സ ലഭ്യമാക്കൽ തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. |
| ബി)കന്നുകാലികളിലെ കുളമ്പു രോഗം വ്യാപകമായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ; | ബി) ഉണ്ട്.<br>രോഗബാധിത പ്രദേശത്തിന് ചുറ്റുമായി കുത്തിവയ്പ് (റിങ്ങ് വാക്സിനേഷൻ) നടത്തി വരുന്നു. രോഗം ബാധിച്ച ഉരുക്കൾക്ക് സൗജന്യ ചികിൽസ, ആവശ്യാനുസരണം മരുന്നുകൾ, പരിസര ശുചീകരണത്തിന് ആവശ്യമായ അണുനാശിനികൾ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. രോഗബാധയുടെ മൂലകാരണം കണ്ടെത്തുന്നതിനായി വിദഗ്ദ്ധ പഠനം, ചെക്ക് പോസ്റ്റുകളിൽ കർശന പരിശോധന, രോഗനിയന്ത്രണ ബോധവൽക്കരണ പരിപാടികൾ എന്നിവ നടത്തിവരുന്നു. |
| സി) കന്നുകാലികളിലെ കുളമ്പു രോഗത്തെക്കുറിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ എന്തൊക്കെയെന്ന് വിശദമാക്കുമോ; | സി) ഉണ്ട്.<br>എസ്.ആർ.ഡി.ഡി.എൽ. ബാംഗ്ളൂർ, പി.ഡി. എഫ്. എം.ഡി മുക്തേശ്വർ എന്നിവിടങ്ങളിലെ വിദഗ്ധ സംഘം വിവിധ ജില്ലകളിൽ നിന്നും സാമ്പിളുകൾ പരിശോധിച്ച് കർണാടക സംസ്ഥാനത്ത് ഉണ്ടായിട്ടുള്ള കുളമ്പുരോഗ |

വൈറസിന്റെ അതേ ജനിതക ഘടനയുള്ള 'ഒ' വിഭാഗത്തിൽപ്പെട്ട വൈറസ് തന്നെയാണ് കേരളത്തിലും കുളമ്പു രോഗം ഉണ്ടാക്കിയിട്ടുള്ളതെന്ന് കണ്ടെത്തിയിട്ടുണ്ട്. കേരളത്തിൽ കുളമ്പുരോഗബാധ ഉണ്ടായതിനെ കുറിച്ച് വിശദ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് കേരള വെറ്ററിനറി & അനിമൽ സയൻസ് യൂണിവേഴ്സിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ഡി).കുളമ്പുരോഗം ബാധിച്ച് കന്നുകാലികൾ നഷ്ടപ്പെട്ട കർഷകർക്ക് ആശ്വാസം നൽകുന്നതിന് എന്തെങ്കിലും ധനസഹായം പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

ഡി) കുളമ്പുരോഗം ബാധിച്ച് മരണപ്പെട്ട ഉരുക്കൾക്ക് 20,000/- രൂപ വീതം നഷ്ടപരിഹാരവും രോഗം ബാധിച്ച പശുക്കൾക്ക് ഓരോന്നിനും 200 കി. ഗ്രാം (4 ചാക്ക്) കാലിത്തീറ്റയും സൗജന്യമായി നൽകി വരുന്നു.

ഇ)രോഗപ്രതിരോധ കുത്തിവയ്പ് നടത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഇ) സംസ്ഥാനത്തുടനീളം വർഷത്തിൽ രണ്ടു തവണ (6 മാസം കൂടുമ്പോൾ) കേന്ദ്രഗവൺമെന്റ് നൽകുന്ന വാക്സിനുപയോഗിച്ച് കുളമ്പുരോഗപ്രതിരോധ കുത്തിവയ്പ് നടത്തി വരുന്നു. വ്യാപകമായ പ്രചരണപരിപാടികൾ നടത്തി കർഷകരിൽ അവബോധം സൃഷ്ടിച്ചതിന് ശേഷമാണ് പ്രതിരോധ കുത്തിവെയ്പ് നടത്തുന്നത്. തദ്ദേശസ്വയം ഭരണ വകുപ്പ്, മിൽമ, ക്ഷീര വികസന വകുപ്പ്, വനംവകുപ്പ് എന്നീ വകുപ്പുകളുടെ സഹകരണത്തോടുകൂടിയാണ് വാക്സിനേഷൻ പരിപാടി നടപ്പാക്കുന്നത്. നടത്തിപ്പിനായി പഞ്ചായത്ത് തല മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ